പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:604    29.07.2015 ലെ മറുപടിക്ക്

## ശാസ്ത്രീയമായ കുറ്റാന്വേഷണം

| ചോദ്യം<br>**ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.സി.കൃഷ്ണൻ** | മറുപടി<br>**രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
|---|---|
| **എ)** പോലീസ് സ്റ്റേഷനുകളിൽ അന്വേഷണത്തിന്റെ ഭാഗമായി കസ്റ്റഡിയിൽ എടുക്കപ്പെടുന്നവരോട് അപരിഷ്കൃതമായും ക്രൂരമായും പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ)** പോലീസ് സ്റ്റേഷനുകളിൽ അന്വേഷണത്തിന്റെ ഭാഗമായി കസ്റ്റഡിയിൽ എടുക്കപ്പെടുന്നവരോട് അപരിഷ്കൃതമായും ക്രൂരമായും പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പോലീസ് കസ്റ്റഡിയിൽ എടുക്കപ്പെട്ടവരോട് കസ്റ്റഡിയിൽ ക്രൂരമായി പെരുമാറി എന്ന് ആരോപിച്ച് കൊണ്ടുള്ള അപൂർവ്വം ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **ബി)** പ്രസ്തുത പെരുമാറ്റരീതികൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | **ബി)** പോലീസുദ്യോഗസ്ഥരുടെ തെറ്റായ പെരുമാറ്റരീതികൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശനമായ നിയമ നടപടി/വകുപ്പുതലനടപടി എന്നിവ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് 166 പോലീസ് സ്റ്റേഷനുകളിലെ ലോക്കപ്പുകളിൽ ലോക്കപ്പ് മോണിറ്ററിംഗ് നടത്തുന്നതിനായി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതു കൂടാതെ 120 പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി ക്യാമറകളും സ്ഥാപിച്ചുവരുന്നു. പോലീസ് സ്റ്റേഷനുകളിലും, ലോക്കപ്പുകളിലും നടക്കുന്ന കാര്യങ്ങൾ ടി ക്യാമറയിലൂടെ നിരീക്ഷിക്കാൻ കഴിയുന്നതാണ്. കസ്റ്റഡിയിലെടുക്കുന്ന വ്യക്തികൾക്ക് നിയമം അനുശാസിക്കുന്ന തരത്തിലുള്ള പരിരക്ഷ നൽകുന്നതിൽ വീഴ്ച വരുത്തുവാൻ പാടില്ലെന്നും നിയമപരമായി |

| | |
|---|---|
| | ഒഴിവാക്കപ്പെട്ടിട്ടുള്ള ലജ്ജാവഹവും, മനുഷ്യാവകാശ ധ്വംസനപരമായുള്ള നടപടികൾ ഒരു കാരണവശാലും ഉണ്ടാകരുതെന്നുമുള്ള കർശന നിർദ്ദേശം എല്ലാ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. |
| **സി)** കുറ്റാന്വേഷണം ശാസ്ത്രീയമായ രീതിയിൽ നടത്താതെ അപരിഷ്കൃതമായ രീതിയിൽ നടത്തുന്നതുമൂലം പീഡനങ്ങൾക്കിരയായവർ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **സി)** കുറ്റാന്വേഷണം ശാസ്ത്രീയമായ രീതിയിൽ നടത്താതെ അപരിഷ്കൃതമായ രീതിയിൽ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തെളിവുകളുടെ അടിസ്ഥാനത്തിൽ നീതിപൂർവ്വവും, ശാസ്ത്രീയവുമായ അന്വേഷണത്തിലൂടെയാണ് എല്ലാ കേസുകളിലെയും കുറ്റവാളികളെ കണ്ടെത്തുന്നതും അവരെ നിയമത്തിൻെറ മുന്നിൽ കൊണ്ടുവന്ന് പരമാവധി ശിക്ഷ കിട്ടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതും. |
| **ഡി)** മൂന്നാംമുറ പ്രയോഗം നടത്തിയതായി ആരോപിക്കപ്പെട്ട പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | **ഡി)** മൂന്നാംമുറ പ്രയോഗം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ അന്വേഷണം നടത്തി കർശനനിയമനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ